LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

19(5172) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇനിയും അംഗീകാരം നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ധനാനുമതി നൽകിയ പദ്ധതികളുടെയും ധനാനുമതി നൽകാനുള്ള പ്രവൃത്തികളുടെയും വിശദ വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) പ്രവൃത്തികൾ ദ്രുതഗതിയിൽ നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെ തന്നെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. പ്രസ്തുത യോഗത്തിൽ ഭരണ വകുപ്പും കിഫ്ബിയും എസ്.പി.വി.-കൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

20(5173) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഏതെല്ലാം പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും ധനാനുമതി നൽകിയ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തിയാക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ട്; പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സാങ്കേതികാനുമതി, ടെണ്ടർ, കരാറുകാരനെ നിയമിക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ ഇനിയും ബാക്കിയുണ്ട്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസംകൂടാതെ നടപ്പിലാക്കുവാനുള്ള ഉത്തരവാദിത്വം ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികളുടേതാണ്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയക്രമം പാലിച്ചുതന്നെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും പദ്ധതി നിർവ്വഹണ ഏജൻസികളുമായും അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. പ്രസ്തുത യോഗത്തിൽ ഭരണ വകുപ്പും കിഫ്ബിയും എസ്.പി.വി.-കൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

21(5174) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.-കൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. *

(ബി) ഇവയിൽ ഭരണാനുമതി നൽകിയിട്ടുള്ളതും ഇനി ഭരണാനുമതി നൽകേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.* " പിഴല-കടമക്കുടി പാലം" പദ്ധതി കിഫ്ബിയുടെ അവലോകന വിഭാഗത്തിന്റെ പരിശോധനയിലാണ്.

(സി) ഭരണാനുമതി നൽകിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

കിഫ്ബിയിൽനിന്നും ധനാനുമതി ലഭ്യമാക്കിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly